**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7584 — 15.07.2014-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നൽകാതിരുന്നതിനെതിരെയുള്ള പരാതി

| | **ചോദ്യം**<br>ശ്രീ. പി. ഉബൈദുള്ള | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 2009-ൽ 1050/(4)/എസ്. ഐ.സി/09 എന്ന നമ്പരിൽ ഒരു അപ്പീൽ പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ 3-2-2011-ൽ 9819/എസ്.ഐ. സി/ജിഇഎൻ1/09 എന്ന ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 03/02/2011-ൽ 9819/എസ്.ഐ.സി-ജി.ഇ.എൻ.1/2009 എന്ന ഫയലിൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ 2005-ലെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം നടപടിയെടുക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാതിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നോ ; എങ്കിൽ അതു പ്രകാരം ആർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ തുടർനടപടികൾ ഇക്കാര്യത്തിന്മേൽ സ്വീകരിച്ചിട്ടില്ല. ആവശ്യമായ രേഖകൾ പരാതിക്കാരന് നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ കേസിൽ കമ്മീഷന്റെ ഇടപെടൽമൂലം പരാതിക്കാരൻ നിയമാനുസൃതം ആവശ്യപ്പെട്ട രേഖകളെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ